പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 202

# 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 202

# 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ബിൽ

570/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 202

# 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ബിൽ

കേരള ഹൈക്കോടതിയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും വിരമിക്കൽ പ്രായം നിജപ്പെടുത്തുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ മറ്റ് സർവ്വീസുകളിലുള്ള ഉദ്യോഗസ്ഥരുടേതിനും ജീവനക്കാരുടേതിനും തുല്യമായി കേരള ഹൈക്കോടതിയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും വിരമിക്കൽ പ്രായം നിജപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് കരുതുന്നതിനാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2007 ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ഹൈക്കോടതി സർവ്വീസുകളിലെ വിരമിക്കൽ പ്രായം നിജപ്പെടുത്തൽ.—തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ, ഏതെങ്കിലും ചട്ടത്തിലോ, ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള ഹൈക്കോടതിയിലെ ഒരു ഉദ്യോഗസ്ഥന്റെ അല്ലെങ്കിൽ ജീവനക്കാരന്റെ നിർബന്ധിത വിരമിക്കൽ അയാൾക്ക് 55 വയസ് പൂർത്തിയാകുന്ന മാസത്തിലെ അവസാന ദിവസത്തിന്റെ ഉച്ചയ്ക്ക് ശേഷം പ്രാബല്യത്തിൽ വരുന്നതാണ്.

3. ശമ്പളം കൊടുക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—2-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേരള ഹൈക്കോടതിയിലെ ഉദ്യോഗസ്ഥർ അല്ലെങ്കിൽ ജീവനക്കാർ, ആരെങ്കിലും 55 വയസ്സിനുശേഷവും സേവനത്തിൽ തുടർന്നിട്ടുണ്ടെങ്കിൽ അവർ യഥാർത്ഥത്തിൽ ജോലി ചെയ്ത 2007, ഒക്ടോബർ 22-ാം തീയതിവരെയുള്ള കാലയളവിലെ ശമ്പളത്തിനും ആനുകൂല്യങ്ങൾക്കും

അർഹരായിരിക്കുന്നതാണ്, എന്നാൽ അവരുടെ അങ്ങനെയുള്ള സേവനം മറ്റേതെങ്കിലും സേവന ആനുകൂല്യങ്ങൾക്കോ പെൻഷൻ ആനുകൂല്യങ്ങൾക്കോ കണക്കിലെടുക്കാൻ പാടില്ലാത്തതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഓർഡിനൻസ് (2008-ലെ 13) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ അല്ലെങ്കിൽ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1970-ലെ ഹൈക്കോടതി സർവ്വീസുകൾ ചട്ടങ്ങളുടെ 35-ാം ചട്ടം പ്രകാരം കേരള സർവ്വീസ് ചട്ടങ്ങൾ ഹൈക്കോടതി സർവ്വീസിലെ അംഗങ്ങൾക്കും ബാധകമായിരുന്നതും അതനുസരിച്ച് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1-ലെ ചട്ടം 60 (എ) പ്രകാരമുള്ള 55-ാം വയസിലെ നിർബന്ധിത വിരമിക്കൽ അവർക്കും ബാധകമായിരുന്നതാണ്. കേരള ചീഫ് ജസ്റ്റീസ്, 1-1-2007 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി ഈ വ്യവസ്ഥകളെ റദ്ദാക്കിക്കൊണ്ട് ഹൈക്കോടതി സർവ്വീസിലെ ഒരു അംഗത്തിന്റെ നിർബന്ധിത വിരമിക്കൽ പ്രായം 58-ാം വയസിലാണെന്ന് വ്യവസ്ഥ ചെയ്യുന്ന ചട്ടം 37 (1) ഉൾപ്പെടുത്തി 2007-ലെ കേരള ഹൈക്കോടതി സർവ്വീസ് ചട്ടങ്ങൾ പുറപ്പെടുവിച്ചു, അതാകട്ടെ കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് എതിരാണ്.

2. ബഹുമാനപ്പെട്ട ഹൈക്കോടതി ഡബ്ല്യൂ.പി.സി. (സി) നമ്പർ 20158/07-ൽ, ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 229 (2)-ൽ വിഭാവനം ചെയ്തിരിക്കുന്ന തരത്തിലുള്ള ഒരു നിയമനിർമ്മാണവും സംസ്ഥാന നിയമസഭ നടത്തിയിട്ടില്ലെന്നും, വിരമിക്കൽ പ്രായം എന്നത് ശമ്പളം, അലവൻസ്, അവധി അല്ലെങ്കിൽ പെൻഷനുമായി ബന്ധപ്പെട്ട ഒന്നല്ലെന്നും അതിനാൽ ചീഫ് ജസ്റ്റീസിന് പ്രായം 58 ആയി നിജപ്പെടുത്തുന്നതിന് ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അംഗീകാരം ആവശ്യമില്ലെന്നും ഉള്ള കാരണങ്ങൾ പറഞ്ഞുകൊണ്ട്, അതിന്റെ വിധിന്യായത്തിൽ കേരളത്തിന്റെ ചീഫ് ജസ്റ്റീസ് പുറപ്പെടുവിച്ച മുകളിൽ പറഞ്ഞ ചട്ടങ്ങളെയും അതിൽ പറഞ്ഞിരിക്കുന്ന വിരമിക്കൽ പ്രായത്തെ സംബന്ധിച്ചുള്ള വ്യവസ്ഥകളെയും ശരിവച്ചു.

3. കേരള ഹൈക്കോടതിയിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടേയും ഉൾപ്പെടെ സംസ്ഥാന സർവ്വീസിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടേയും വിരമിക്കൽ പ്രായം ഉയർത്തുക എന്നത് സർക്കാരിന്റെ നയത്തിനെതിരാണ്. അതിനാൽ സംസ്ഥാനത്തെ മറ്റ് സർവ്വീസുകളിലുള്ള ഉദ്യോഗസ്ഥരുടെയും

ജീവനക്കാരുടേതിനും തുല്യമായി കേരള ഹൈക്കോടതിയിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും വിരമിക്കൽ പ്രായം ഒരു നിയമനിർമ്മാണം മുഖേന നിജപ്പെടുത്തേണ്ടത് ആവശ്യകമായ ഒന്നായിത്തീർന്നു.

4. ഈ സാഹചര്യങ്ങളിൽ, കേരള ഹൈക്കോടതിയിലെ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും വിരമിക്കൽ പ്രായം നിജപ്പെടുത്തുന്നതിന് ഒരു നിയമനിർമ്മാണം നടത്താൻ, സർക്കാർ തീരുമാനിച്ചു.

5. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും കേരള ഗവർണ്ണർ 2007-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഓർഡിനൻസ് 2007 ഒക്ടോബർ 20-ാം തീയതി വിളംബരപ്പെടുത്തുകയും, അത് 2007-ലെ 61-ാം നമ്പർ ഓർഡിനൻസായി 2007, ഒക്ടോബർ 22-ാം തീയതിയിലെ 1900-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2008, ഫെബ്രുവരി 20-ാം തീയതി ആരംഭിച്ച് 2008, മാർച്ച് 19-ാം തീയതി അവസാനിച്ച നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കാനോ പാസ്സാക്കാനോ സാധിച്ചില്ല.

7. അതിനാൽ, 2007-ലെ 61-ാം നമ്പർ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിറുത്തുന്നതിനുവേണ്ടി, ഗവർണ്ണർ, "2008-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഓർഡിനൻസ്" 2008, ഏപ്രിൽ 1-ാം തീയതി വിളംബരപ്പെടുത്തുകയും അത് 2008, ഏപ്രിൽ 1-ാം തീയതിയിലെ 653-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2008-ലെ 13-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

8. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

കോടിയേരി ബാലകൃഷ്ണൻ.

(ശരിത്തർജ്ജമ)